(ബി) ഈ വർഷം പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഈ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല.

34 (1578) പ്ലസ് ടൂ അദ്ധ്യാപകർ

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടൂ കോഴ്സ് അനുവദിച്ചിട്ടുള്ള സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട വിഷയങ്ങൾ പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില സ്കൂളുകളിൽ ചില വിഷയങ്ങൾക്ക് യോഗ്യതയുള്ള അദ്ധ്യാപകർ ലഭ്യമല്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകരെ നിയമിക്കുന്നതിന് താഴെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

(i) ഡിപ്പാർട്ടുമെന്റിൽനിന്നുള്ള നിയമനത്തിന് തയ്യാറാക്കിയ ലിസ്റ്റിൽ വേണ്ടത്ര അദ്ധ്യാപകരില്ലാത്ത വിഷയങ്ങൾക്ക് ഡിപ്പാർട്ടുമെന്റൽ ടീച്ചർമാരിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുതുടങ്ങി.

(ii) 1997-ൽ തയ്യാറാക്കിയ അദ്ധ്യാപകരുടെ പാനലിൽ മുഴുവൻ പേർക്കും നിയമനം നൽകിയ വിഷയങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(iii) ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളവരോ നിയമിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ അദ്ധ്യയനം മുടങ്ങാതിരിക്കാൻ തികച്ചും താൽക്കാലികമായി മണിക്കൂർ അടിസ്ഥാനത്തിൽ വേതനം നൽകി യോഗ്യതയുള്ളവരെ അദ്ധ്യാപകരായി നിയമിക്കാൻ (കഴിഞ്ഞ വർഷം നൽകിയ സർക്കാർ ഉത്തരവിന്റെ അതേ മാനദണ്ഡമുപയോഗിച്ച്) ഇക്കൊല്ലവും പ്രിൻസിപ്പാൾമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്.

35 (1579) അദ്ധ്യാപക നിയമനം സംബന്ധിച്ച സുപ്രീം കോടതി വിധി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്ലസ്ടൂ സ്കൂളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച് സുപ്രീം കോടതി എന്തെങ്കിലും വിധി പ്രസ്താവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly